LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. പുനലൂർ ഡിപ്പോ

374 (352) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കോമ്പൗണ്ട് സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഗ്രൗണ്ട് ടാർ ചെയ്ത് സൗകര്യപ്രദമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബസുകൾ നിർത്തിയിട്ടിരിക്കുന്ന ഗ്രൗണ്ടിന്റെ നടുക്ക് നിൽക്കുന്ന പഴയ മൂത്രപ്പുര പൊളിച്ചു മാറ്റണമെന്ന യാത്രക്കാരുടെയും ജനപ്രതിനിധികളുടെയും ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടും മേൽ വിഷയത്തിൽ ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സ്വന്തം നിലയിൽ പദ്ധതികൾ ഏറ്റെടുക്കുവാൻ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുകയില്ല. ധനസഹായം ലഭ്യമായാലേ ടി പദ്ധതികളിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഗ്രൗണ്ട് ടാർ ചെയ്യാൻ എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് പ്രവൃത്തിക്കായി നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പുനലൂർ മുനിസിപ്പാലിറ്റി നിർമ്മിച്ച കെട്ടിടത്തിൽ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ മുനിസിപ്പാലിറ്റിയുടെ ചെലവിൽ ടോയ്ലറ്റ് ആയി പുനർനിർമ്മിച്ച് ജീവനക്കാരുടെ ഉപയോഗത്തിനായി നൽകുന്ന മുറിക്ക് കെ.എസ്.ആർ.ടി.സി.-യുടെ ടോയ്ലറ്റ് ബ്ലോക്ക് പൊളിച്ച് നീക്കുന്നതാണ്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ തപാൽ രജിസ്ട്രേഷൻ

375 (353) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഹെഡ് ഓഫീസ്, സബ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന തപാലുകൾ രജിസ്റ്റർ ചെയ്ത് നമ്പർ നൽകാറുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കമ്പ്യൂട്ടറൈസേഷൻ പൂർത്തിയായിട്ടില്ലെന്നതുകൊണ്ടാണോ തപാൽ രജിസ്റ്റർ ചെയ്യാത്തതെന്ന് വെളിപ്പെടുത്തുമോ;